16U103 (Pages:2)

Name..................................

Reg. No...............................

# FIRST SEMESTER UG DEGREE EXAMINATION NOVEMBER 2016

(Regular/Supplementary/Improvement)

(CUCBCSS-UG)

## CC15UMAL1A07 മലയാളസാഹിത്യം - I

(Common course for BA/BSc/BSW)

(2015 Admission onwards)

*സമയം 3 മണിക്കൂർ* — *മാർക്ക് 80*

**I ഒറ്റവാക്കിൽ ഉത്തരമെഴുതുക ഓരോന്നിനും 1/2 മാർക്കുവീതം**

1 രാമചരിതം ഏതു കാവ്യപ്രസ്ഥാനത്തിൽ ഉൾപ്പെടുന്നു?

2 'ചാർച്ചയും ചേർച്ചയും വേഴ്ചയും പൂണ്ടവർ' എന്നു വിശേഷിപ്പിയ്ക്കുന്നത് ആരെയൊക്കെ?

3 "കൊല്ലാതെ കൊള്ളാഞ്ഞതെന്തവൻ തന്നെ നീ-" ആരെ?

4 'അർത്ഥമെത്ര വളരെയുണ്ടായാലും തൃപ്തിയാകാ മനസ്സിന്നൊരുകാലം' ഇവിടെ 'അർത്ഥം' എന്നതുകൊണ്ട് ഉദ്ദേശിയ്ക്കുന്നതെന്ത്?

5 സ്യമന്തകം കഥ ഭാഗവതത്തിലെ ഏതു സ്കന്ധത്തിലാണ് പ്രത്യക്ഷപ്പെടുന്നത്?

6 'ഉച്ചൂളി' എന്ന നാട്ടുപദത്തിന്റെ അർത്ഥമെന്ത്?

7 "അച്ഛൻ എങ്ങനിരുന്നതാണെന്ന് നെണക്ക് ഓർമ്മയുണ്ടോ? ആ തടിയ്ക്ക് വയസ്സാവണു" - ആരുടെ വാക്കുകൾ.

8 വെള്ളപ്പൊക്കത്തിൽപ്പെട്ട നായയുടെ യജമാനൻ ആരായിരുന്നു?

9 ആരെക്കണ്ടിട്ടാണ് നായകളും കോഴികളും ബഹളം വെച്ചത്?

10 'ചോലമരപ്പാതകൾ' ആരുടെ രചനയാണ്?

(10 x 1/2 = 5 marks)

**II ഒന്നോരണ്ടോവാക്യത്തിൽ ഉത്തരമെഴുതുക. ഓരോന്നിനും രണ്ട് മാർക്ക് വീതം**

11 "ആ ജീവനില്ലാത്ത മൂന്നും ഇതുണ്ടാക്കുന്ന ജീവനുള്ള ഒന്നും അങ്ങനെ നാല്. ഒരു പോലെ ഇരിയ്ക്കുന്നതാണ് അത്ഭുതം." ആരുടെ വാക്കുകൾ? സന്ദർഭം ഏത് ?

12 പുരയക്കുടുകളിൽ ഒറ്റപ്പെട്ട നായയുടെ ചേഷ്ടകൾ കഥാകൃത്ത് വർണ്ണിയ്ക്കുന്നതെങ്ങനെ?

13 തന്റെ വീട് ഏതോ ദുഷ്ടന്മാരായ മന്നന്മാർ കയ്യേറിയിരിയ്ക്കാം എന്ന് കുചേലൻ ചിന്തിക്കാനിടയായ സാഹചര്യം ഏത്?

14 'ചിന്തിച്ചീടുവിൻ ആവോളമെല്ലാവരും' എന്തൊക്കെയാണ് ചിന്തിക്കേണ്ടത്?

15 ഭാസ്കരന്റേയും ശേഫാലിയുടേയും ബന്ധം ഏതുവിധത്തിലുള്ളതാണ്?

(5 x 2 = 10 marks)

**III ഏതെങ്കിലും അഞ്ചു ചോദ്യങ്ങൾക്ക് 150 വാക്കിൽ കവിയാതെ ഉത്തരമെഴുതുക. ഓരോന്നിനും 5 മാർക്ക് വീതം.**

16 "അല്പമായുള്ളോരു കാഴ്ച ഞാനെങ്ങനെ
അബ്ജവിലോചനൻ മുമ്പിൽ വെപ്പൂ?" ആരുടെ ആധിയാണിത്? കാരണമെന്ത്?

17 "മദ്ധ്യേയിങ്ങനെ കാണുന്ന നേരത്ത്
മത്സരിയ്ക്കുന്നതെന്തിനുനാം വൃഥാ-" മനുഷ്യദു:ഖത്തിന്റെ പൊരുളിലേയ്ക്കാണ് പൂന്താനത്തിന്റെ മിഴിപോകുന്നത് വിശദീകരിയ്ക്കുക.

18 നളിനിയുടെ കുടുംബത്തെക്കുറിച്ച് എന്യൂമറേറ്റർക്ക് ലഭിയ്ക്കുന്ന ചിത്രമെന്ത്?

19 ആത്മഹത്യ ചെയ്ത പെൺകുട്ടിയെക്കുറിച്ച് ബുത്തിലെ മദ്ധ്യവയസ്ക്കന്റെ ഓർമ്മകൾ എന്തെല്ലാം?

20 "നേരം പോയ് നേരം പോയ്" എന്ന നാടൻ പാട്ട് കാണിച്ചു തരുന്ന സാമൂഹികയാഥാർത്ഥ്യങ്ങൾ എന്തെല്ലാം?

21 കാരൂരിളപ്പയുടെ ചിത്രം ബഷീർ ഏതു വിധത്തിലാണ് ഓർത്തെടുക്കുന്നത്?

22 റിയലിസ്റ്റിക് ആഖ്യാനരീതിയുടെ മാതൃക എന്ന നിലയിൽ വെള്ളപ്പൊക്കത്തിൽ എന്ന കഥയെ വിലയിരുത്തുക.

(5 x 5 = 25 marks)

IV ഏതെങ്കിലും നാല് ചോദ്യങ്ങൾക്ക് 300 വാക്കിൽ കവിയാതെ ഉത്തരമെഴുതുക. ഒരോന്നിനും 10 മാർക്ക് വീതം

23. ഏതുകാലത്തും സംഭവിയ്ക്കുന്ന യുദ്ധങ്ങൾക്കെതിരെ മനുഷ്യമനസ്സാക്ഷിയെ ഉണർത്തുന്ന കവിതാഭാഗംഎന്ന നിലയിൽ 'ഗാന്ധാരീവിലാപ'ത്തെ വിലയിരുത്തുക.

24. കുഞ്ചൻ നമ്പ്യാരുടെ ആഖ്യാനസവിശേഷതകൾ 'സ്യമന്തകം തുള്ളലി'നെ മുൻനിർത്തി വിശകലനം ചെയ്യുക.

25. 'വടക്കൻ കേരളത്തിന്റെ ജനകീയ വീരഗാഥ' എന്ന നിലയിൽ ആരോമലിന്റെ അങ്കപ്പുറപ്പാടിനെ വിലയിരുത്തുക.

26. മനുഷ്യനൊപ്പം സകല ജീവജാലങ്ങൾക്കും. 'ഭൂമിയിൽ ആദി പുരാതീന' മായ ഒരു അവകാശമുണ്ടെന്ന് സ്ഥാപിയ്ക്കുകയാണ് ബഷീർ. വിശദീകരിയ്ക്കുക.

27. ആധുനികമായ ഒരു ലോകബോധവും അതുണ്ടാക്കുന്ന സംഘർഷങ്ങളും വെളിപ്പെടുത്തുന്ന രചനയാണ് 'കാറ്റു പറഞ്ഞകഥ' വിമർശനാത്മകമായി വിലയിരുത്തുക.

28. കാപട്യം വളർന്ന്, തകർന്നു പോകുന്ന ദാമ്പത്യത്തിന്റെ കഥ എന്ന നിലയിൽ 'കല്പാന്തം' എന്ന കഥയ്ക്കുള്ള സമകാലിക പ്രസക്തി വിശകലനം ചെയ്യുക.

(4x 10 = 40 marks )

*******